"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - വരോട് കെ.പി.എസ്.എം.എം. ഹൈസ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.2964/2022 ലെ 28.01.2022 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5184/2022/GEDN തീയതി,തിരുവനന്തപുരം, 28-08-2022

---

പരാമർശം:-

1. വരോട് കെ.പി.എസ്.എം.എം. ഹൈ സ്കൂൾ മാനേജരുടെ 12.07.2021 ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി6)
2. 31.12.2021 ലെ സ.ഉ(സാധാ)നം.6165/2021/പൊവിവ
3. വരോട് കെ.പി.എസ്.എം.എം. ഹൈ സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.2964/2022 ലെ 28.01.2022 ലെ വിധിന്യായം
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 12.05.2022 ലെ DDEPKD/832/2022/ബി5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വരോട് കെ.പി.എസ്.എം.എം. ഹൈ സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.2964/2022 ലെ 28.01.2022 ലെ വിധിന്യായത്തിൽ ടിയാൻ സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി6 റിവിഷൻ ഹർജി, ഹർജിക്കാരനെ നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ബഹു.ഹൈക്കോടതിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 12.05.2022 ന് ഗൂഗിൾ മീറ്റ് മുഖാന്തരം ഹിയറിംഗിന് സമയം നിശ്ചയിച്ചിരുന്നുവെങ്കിലും ആരോഗ്യസ്ഥിതി മോശമാണെന്ന് മാനേജർ ഫോണിലൂടെ അറിയിച്ചതിനെ തുടർന്ന് ഹിയറിംഗ് മാറ്റി വച്ചിരുന്നു. തുടർന്ന് 18.07.2022 ന് ഹിയറിംഗ് നടത്തുന്നതിന് നിശ്ചയിക്കുകയും ആയത് സർക്കാർ കത്ത് മുഖേനയും, സർക്കാർ നിർദേശ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫോൺ മുഖാന്തരവും ഹർജിക്കാരനെ അറിയിച്ചിരുന്നു. എന്നാൽ ഹർജിക്കാരൻ ഹിയറിംഗിനായുള്ള കുറിപ്പുകളോ മറ്റു വിശദാംശങ്ങളോ ലഭ്യമാക്കുകയുണ്ടായില്ല.

2) 31/05/2020 ന് വിരമിക്കുന്നതിന് മുന്നോടിയായി, ലീവ് പ്രിപ്പറേറ്ററി റ്റു റിട്ടയർമെന്റിൽ

പ്രവേശിച്ച ശ്രീമതി.സുനന്ദ.പി.പി യുടെ ലീവ് ഒഴിവിൽ 29/07/2019 മുതൽ ശ്രീമതി ആർ.സുധയുടെ നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചതിനെതിരെയാണ് മാനേജർ എക്സിബിറ്റ് പി6 റിവിഷൻ ഹർജി(12.07.2021 തീയതി) ഫയൽ ചെയ്തിരിക്കുന്നത്.

3) ഹർജിക്കാരൻ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.16354/2021 ലെ വിധിന്യായത്തിൽ പ്രസ്തുത റിട്ട് ഹർജിയുമനുബന്ധമായുള്ള, 12.07.2021 തീയതിയിലെ, എക്സിബിറ്റ് പി5 റിവിഷൻ ഹർജി തീർപ്പാക്കുന്നതിന് സർക്കാരിന് നിർദേശം നല്കിയിരുന്നു. (ഇതേ എക്സിബിറ്റ് പി5 റിവിഷൻ ഹർജി തന്നെയാണ് WP(C)No.2964/2022 ലെ എക്സിബിറ്റ് പി6 റിവിഷൻ ഹർജിയും.) WP(C)No.16354/2021 ലെ 11.08.2021 ലെ വിധിന്യായത്തിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഹർജിക്കാരനെ 23.11.2021 ന് നേരിൽ കേൾക്കുകയും 12.07.2021 ലെ റിവിഷൻ ഹർജി തീർപ്പാക്കി പരാമർശം (2) ലെ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

4 ) മേൽ സാഹചര്യത്തിൽ ശ്രീമതി.ആർ.സുധയുടെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച 12.07.2021 ലെ റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനാലും 18.07.2022 ന് നിശ്ചയിച്ചിരിക്കുന്ന ഹിയറിംഗിൽ പങ്കെടുക്കുന്നതിനു വേണ്ട വിശദാംശങ്ങളൊന്നും തന്നെ മാനേജർ ലഭ്യമാക്കാത്തതിനാലും പരാമർശം (2) ഉത്തരവ് നിലനിർത്തിക്കൊണ്ട് വരോട് കെ.പി.എസ്.എം.എം. ഹൈ സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.2964/2022 ലെ 28.01.2022 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, കെ.പി.എസ്.എം.എം. ഹൈ സ്കൂൾ, വരോട്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 29-08-2022 13:58:47**
സെക്ഷൻ ഓഫീസർ